# INDIAN SCHOOL AL WADI AL KABIR

| CLASS: X | DEPARTMENT: MALAYALAM | DATE : 05/06/2023 |
|---|---|---|
| Class Note | Lesson: Writers | Topic: Descriptive |

## എഴുത്തുകാരെ അറിയുക

എഴുത്തുകാരെ അറിയുക

### തുഞ്ചത്തെഴുത്തച്ഛൻ

പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറംജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. 'മലയാളഭാഷാപിതാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.



### കുമാരനാശാൻ
**(1873 – 1924)**

ആധുനിക മഹാകവിത്രയത്തിൽ ഒരാൾ. തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽനിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ.

ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. 'വിവേകോദയം' മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമെ സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

*പ്രധാന കൃതികൾ*

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ); പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ (കവിതാസമാഹാരങ്ങൾ); ബാലരാമായണം, ശ്രീബുദ്ധചരിതം (കാവ്യങ്ങൾ); സൗന്ദര്യലഹരി (വിവർത്തനം); വിചിത്രവിജയം, പ്രബോധചന്ദ്രോദയം (നാടകങ്ങൾ)



### ഒ.വി. വിജയൻ
**(1931 – 2005)**

മലയാളകഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ); ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹാരങ്ങൾ); ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ)

എഴുത്തുകാരെ അറിയുക



## ഇ. സന്തോഷ്കുമാർ

കഥാകൃത്ത്. 1969ൽ ജനിച്ചു. നോവലിനും കഥാസമാഹാരത്തിനും കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിക്കുകയുണ്ടായി. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നോവൽ അവാർഡിനും അർഹനായി.

*പ്രധാന കൃതികൾ*

ഗാലപ്പഗോസ്, മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു, ചാവുകളി, മൂന്നു വിരലുകൾ, നീചവേദം (കഥാസമാഹാരങ്ങൾ); അമ്യൂസ്മെന്റ് പാർക്ക്, വാക്കുകൾ, തങ്കച്ചൻ മഞ്ഞക്കാരൻ, അന്ധകാരനഴി, ചിദംബരരഹസ്യം, കുന്നുകൾ; നക്ഷത്രങ്ങൾ (നോവലുകൾ); യുവകവിക്കുള്ള കത്തുകൾ (വിവർത്തനം); കാക്കരദേശത്തെ ഉറുമ്പുകൾ (ബാലസാഹിത്യം)



## വൈലോപ്പിള്ളി ശ്രീധരമേനോൻ

**(1911 – 1985 )**

എറണാകുളത്തെ കലൂരിൽ ജനിച്ചു. 'കാച്ചിക്കുറുക്കിയ കവിത' എന്ന് അദ്ദേഹത്തിന്റെ രചനകൾ വിശേഷിപ്പിക്കപ്പെടുന്നു. അധ്യാപകനായിരുന്നു. സമസ്ത കേരള സാഹിത്യ പരിഷത്ത്, കേരള സാഹിത്യ അക്കാദമി, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവയുടെ നേതൃസ്ഥാനത്തു പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത്, മിന്നാമിന്നി, പച്ചക്കുതിര, കുട്ടിക്കവിതകൾ, മുകുളമാല, കുരുവികൾ (കവിതാസമാഹാരങ്ങൾ); മൃതസഞ്ജീവനി (കാവ്യനാടകം); ഋശ്യശൃംഗനും അലക്സാണ്ടറും (നാടകം); കാവ്യലോകസ്മരണകൾ (ആത്മകഥ)



## കുട്ടികൃഷ്ണമാരാര്

**(1900 – 1973)**

മലയാളസാഹിത്യനിരൂപകരിൽ പ്രമുഖൻ. മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്ട് ജനിച്ചു. 'മാതൃഭൂമി'യിൽ പ്രൂഫ്റീഡറായിരുന്നു. 'കല ജീവിതം തന്നെ' എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 'വ്യാസഭാരത'ത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി രചിച്ച കൃതിയാണ് 'ഭാരതപര്യടനം'.

*മററു പ്രധാന കൃതികൾ*

മലയാളശൈലി, സാഹിത്യസല്ലാപം, സാഹിത്യഭൂഷണം, രാജാങ്കണം, സാഹിത്യവിദ്യ, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം, ഋഷിപ്രസാദം, വൃത്തശില്പം



## റഫീക്ക് അഹമ്മദ്

പുതുതലമുറയിലെ ശ്രദ്ധേയനായ കവി. 1961 -ൽ തൃശൂർ ജില്ലയിലെ അക്കിക്കാവിൽ ജനിച്ചു. പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്തതാണ് രചനാരീതി. പാറയിൽ പണിഞ്ഞത്, സ്വപ്നവാങ്മൂലം, ആൾമറ, ചീട്ടുകളിക്കാർ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ശിവകാമി, തോരാമഴ എന്നിവയാണ് കവിതാസമാഹാരങ്ങൾ. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയിലും പ്രസിദ്ധനാണ്. കേരള സാഹിത്യ അക്കാദമി അവാർഡും ചലച്ചിത്രഗാനരചനയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.